**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4737** **29-10-2021 - ൽ മറുപടിയ്ക്ക്**

**എല്ലാ ജില്ലകളിലും സംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | എല്ലാ ജില്ലകളിലും കിഫ്ബി മുഖേന സംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നതിന്റെ വിശദവിവരം നൽകുമോ; ഓരോ ജില്ലയിലും ഇത് സബന്ധിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ; | (എ) | നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കിഫ്ബി പദ്ധതി പ്രകാരമാണ് സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ അടങ്കൽ നിജപ്പെടുത്തി 27.04.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുയുമുണ്ടായി. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. കൊല്ലം, കാസർഗോഡ് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി. തുടർന്നുള്ള നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിൻെറ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. മലപ്പുറം ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിൻെറ ടെണ്ടർ നടപടികൾ നടന്നുവരുന്നു. തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ പദ്ധതിയ്ക്കായി സർക്കാർ ഭൂമി കണ്ടെത്തുകയും ഭൂമിയുടെ കൈമാറ്റ നടപടികൾ അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി സ്വകാര്യ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. കോഴിക്കോട് ജില്ലയിലേത് പരിശോധനയിലാണ്. കണ്ണൂർ, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിലെ സാംസ്കാരിക സമുച്ചയത്തിൻെറ പ്രോജക്റ്റ് റിപ്പോർട്ടുകൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ അനുയോജ്യമായ ഭൂമി ജില്ലാ ഭരണകൂടത്തിൻെറ |

| | | | |
|---|---|---|---|
| | | | സഹായത്തോടെ കണ്ടെത്തുവാനുള്ള ശ്രമം നടന്നു വരികയാണ്. |
| (ബി) | പ്രസ്തുത സംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും ഇതിനായി കണ്ടെത്തിയിട്ടുള്ള ഭൂമി ആരുടെതാണെന്നും ഇതിനായി ഓരോ ജില്ലയിലും ചെലവഴിച്ച തുക എത്രയെന്നും എന്നതിന്റെയും വിശദാംശങ്ങൾ നൽകുമോ? | (ബി) | നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം എന്ന പദ്ധതിയ്ക്കായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി 6 ജില്ലകളിൽ സർക്കാർ ഭൂമിയും (കൊല്ലം, പാലക്കാട്, കാസർഗോഡ്, മലപ്പുറം, ആലപ്പുഴ, തൃശ്ശൂർ) 3 ജില്ലകളിൽ സ്വകാര്യ ഭൂമിയും (കണ്ണൂർ, കോട്ടയം, കോഴിക്കോട്) കണ്ടെത്തിയിട്ടുണ്ട്. ബാക്കി 5 ജില്ലകളിൽ അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. കണ്ണൂർ ജില്ലയിൽ വാഗ്ഭടാനന്ദന്റെ നാമധേയത്തിൽ സ്ഥാപിക്കുന്ന സാംസ്മാരിക സമുച്ചയത്തിനായി പാട്യം ഗ്രാമപഞ്ചായത്ത് സൗജന്യമായി വിട്ടു നൽകുന്ന 89 സെന്റ് ഭൂമിയും അതിനോട് ചേർന്ന് കിടക്കുന്ന 2.15 ഏക്കർ സ്വകാര്യ ഭൂമിയും ഏറ്റെടുത്താണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സ്വകാര്യ ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനായി സാമൂഹ്യാഘാത പഠനം നടത്തുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമായി ആകെ 5,85,61,125/-രൂപ പദ്ധതിയുടെ എസ്.പി. വി ആയ കെ. എസ്. എഫ്. ഡി. സി, തലശ്ശേരി എൽ. എ തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ ലളിതാംബിക അന്തർജ്ജനത്തിന്റെ നാമധേയത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ചങ്ങനാശ്ശേരി താലൂക്കിൽ കങ്ങഴ വില്ലേജിൽ 5 ഏക്കർ സ്വകാര്യ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി 19,35,000/- രൂപ പദ്ധതിയുടെ എസ്.പി. വി ആയ കെ. എസ്. എഫ്. ഡി. സി, കോട്ടയം എൽ.എ തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഇൻഡോ ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്ററും എക്സിബിഷൻ സെന്ററും, വൈക്കം മുഹമ്മദ് ബഷീറിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയം എന്നിവ സ്ഥാപിക്കുന്ന കാര്യം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ